ശ്രീ. കെ. പി. മോഹനൻ : സർ,

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 56,81,73,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വിനോദസഞ്ചാര കേന്ദ്രങ്ങൾ ഗുണ്ടകളുടേയും അനാശാസ്യ പ്രവർത്തകരുടേയും കേന്ദ്രങ്ങളായി മാറുന്നതായി പറയപ്പെടുന്ന പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു : സർ,

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 56,81,73,000 കയിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ,

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 56,81,73,000 കയിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. എ. എ. അസീസ് : സർ,

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 56,81,73,000 കയിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

VIII ആശംസ

ശ്രീമതി കെ. ആർ. ഗൗരിയമ്മ ശതാഭിഷിക്തയായതു സംബന്ധിച്ച്

മി. സ്പീക്കർ : ഇന്ന് ഈ ഹൗസിലെ അംഗമായ ശ്രീമതി കെ. ആർ. ഗൗരിയമ്മ ശതാഭിഷിക്തയായിരിക്കുകയാണ്. അവർക്ക് സർവ്വവിധ ഐശ്വര്യങ്ങളും ദീർഘായുസും സർവ്വ ആരോഗ്യവും നേരുന്നു.

ധനകാര്യം (തുടർച്ച)

ശ്രീമതി ഗിരിജ സുരേന്ദ്രൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായിത്തന്നെ എതിർക്കുകയാണ്. ഇന്നലെവരെ ചെയ്യാത്ത രീതിയിൽ ഇന്ന് ഇത്തരത്തിലൊരു (ഒരു പുസ്തകം ഉയർത്തിക്കാണിക്കുന്നു) പുസ്തകം നമുക്കെല്ലാം വിതരണം ചെയ്തിരിക്കുകയാണ്. സർ, ഇത്തരത്തിലുള്ള വർണ്ണശബളമായ ഒരു പുസ്തകം അച്ചടിക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപയാണ് ചെലവഴിക്കേണ്ടി

LIBRARY ARCHIVES Kerala Legislative Assembly